# നീര പാനി വിപണിയിലേക്ക്

കണ്ണൂർ ആസ്ഥാനമായ തേജസ്വിനി കമ്പനി വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ച നീര മലയോര കർഷകരുടെ ആവേശം വാനോളം ഉയർന്ന ചടങ്ങിൽ വിപണിയിലിറങ്ങി. തേജസ്വിനിയുടെ 'നീര പാനി'യുടെ വിപണനോദ്ഘാടനം മന്ത്രി കെ. സി. ജോസഫ് നിർവഹിച്ചു. സംസ്ഥാന നീര കമ്മിറ്റിയിലെ കർഷക പ്രതിനിധി ബാബു ജോസഫ് ഉൽപന്നം ഏറ്റുവാങ്ങി. നീര ഉൽപാദനത്തിനായി ചെറുപുഴയ്ക്കടുത്തു പെരിങ്ങോത്ത് 10 കോടി ചെലവിൽ നിർമ്മിക്കുന്ന തേജസ്വിനി കമ്പനി നിർമിക്കുന്ന ആധുനിക ഫാക്ടറി സമുച്ചയത്തിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിച്ചു.

ചെറുപുഴയിലെ പത്തു കർഷകർ ചേർന്നു രൂപീകരിച്ച തേജസ്വിനി ഇക്കോഫാം സൊസൈറ്റിയാണ് പിന്നീട് കണ്ണൂർ - കാസർഗോഡ് ജില്ലകൾ പ്രവർത്തന മേഖലകളായി നിശ്ചയിച്ചുകൊണ്ട് തേജസ്വിനി കമ്പനിയായി മാറിയത്. 10 ഫെഡറേഷനുകളും 152 സിപിഎസുകളും ചേർന്നാണ് നാളികേര വികസന ബോർഡിനു കീഴിൽ തേജസ്വിനി നാളികേരോൽപാദക കമ്പനിയായി മാറിയത്. കർഷകനായ സണ്ണി ജോർജ്ജ് ഇളംതുരുത്തിയിലാണ് കമ്പനിയുടെ ചെയർമാൻ. എങ്ങിനെയും നാളികേര കൃഷി പിടിച്ചു നിർത്തുക, ഒപ്പം കർഷകരുടെ സൂപ്പർമാർക്കറ്റ് തുറക്കുക - ഇതു രണ്ടുമാണ് കമ്പനിയുടെ അടുത്ത സ്വപ്നങ്ങളെന്നു സണ്ണി വെളിപ്പെടുത്തി.

യോഗത്തിൽ പയ്യന്നൂർ എം.എൽ.എ. സി. കൃഷ്ണൻ അധ്യക്ഷനായിരുന്നു. ഉത്പാദക സംഘങ്ങളുടെ അംഗത്വസർട്ടിഫിക്കറ്റുകൾ ജില്ലാ കളക്ടർ പി. ബാലകിരൺ വിതരണം ചെയ്തു. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി കളക്ടർ കമ്പനി വളപ്പിൽ തെങ്ങിൻ തൈ നട്ടു. സംഘാടക സമിതി ചെയർമാൻ റോഷി ജോസ് സ്വാഗതവും കോൺഫെഡറേഷൻ പ്രസിഡന്റ് ജോസ് പറയൻകുഴി നന്ദിയും പറഞ്ഞു. നാളികേര വികസന ബോർഡ് ചാർജ് ഓഫീസർ കെ. കെ. സുഭാഷ്, ഫെഡറൽ ബാങ്ക് കൃഷി ഓഫീസർ (കോഴിക്കോട് മേഖല) അലിയാർ റാവുത്തർ എന്നിവർ പ്രസംഗിച്ചു.



*തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഫാക്ടറിയുടെ ശിലാസ്ഥാപനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു. ഗ്രാമവികസന - സാംസ്ക്കാരിക വകുപ്പ് മന്ത്രി കെ. സി. ജോസഫ്, പയ്യന്നൂർ എംഎൽഎ സി. കൃഷ്ണൻ, തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ സണ്ണി ജോർജ്ജ് ഇളംതുരുത്തിയിൽ തുടങ്ങിയവർ സമീപം.*